**പതിനാലാം കേരളനിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1870 — 15.07.2016 ന് മറുപടിയ്ക്ക്.

## അടവി ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അടൂർ പ്രകാശ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) അടവി ഇക്കോ ടൂറിസം പദ്ധതി സന്ദർശിക്കുന്നതിന് കഴിഞ്ഞ സാമ്പത്തികവർഷം എത്രപേർ വന്നുപോയിട്ടുണ്ടെന്നുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) 2015-16 സാമ്പത്തിക വർഷത്തിൽ 56,552 പേർ അടവി ഇക്കോ ടൂറിസം സെന്റർ സന്ദർശിക്കുകയുണ്ടായി. |
| (ബി) ഇവിടെ ലഭിക്കുന്ന വരുമാനം ഏതുതരത്തിലാണ് വിനിയോഗിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) അടവി ഇക്കോ ടൂറിസത്തിൽ നിന്നും ലഭിക്കുന്ന വരുമാനം ടി സെന്ററിലെ ജോലിക്കാരുടെ വേതനം നൽകുന്നതിനും, ടി സെന്ററിന്റെ പരിപാലനത്തിനും മറ്റ് വിവിധ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നു. |
| (സി) കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനായി പുതുതായി എന്തെല്ലാംപദ്ധതികളാണ് ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ? | (സി) അടവിയിൽ ആറ് ട്രീ ടോപ്പ് ബാംബൂ ഹട്ടുകൾ നിർമ്മിച്ചിട്ടുണ്ട്. ആയത് ഉടനെ സന്ദർശകർക്കായി തുറന്ന് നൽകുന്നതാണ്. കൂടാതെ അടവിയിലെ ബൗൾ ബോട്ട് റൈഡുമായി (കുട്ടവഞ്ചി സവാരി) ബന്ധപ്പെടുത്തി ഇക്കോ ഫ്രെണ്ട്ലിയായിട്ടുള്ള ടോയ്‌ലറ്റ് സൗകര്യങ്ങളും സൈനേജുകളും ടിക്കറ്റ് കൗണ്ടറുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ